ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ അനന്തപുരത്തും ചട്ടഞ്ചലും ഇന്റസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിച്ചിട്ടുണ്ട്. എന്നാൽ അവയുടെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ജില്ലയിൽ കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനുള്ള മേഖലാ പദ്ധതിയിൻകീഴിൽ കേന്ദ്രസഹായത്തിനായി സംസ്ഥാനത്തുനിന്നും തെരഞ്ഞെടുക്കപ്പെട്ട രണ്ട് ജില്ലകളിൽ ഒന്ന് കാസർകോഡ് ജില്ലയാണ്. ഈ ആവശ്യത്തിലേക്കായി ഇതുവരെ 272 ജലവിതരണ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. 204 പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലാണ്. ജില്ലാപഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയിൻകീഴിൽ ജില്ലയിലെ 72 സ്കൂളുകളിൽ 32 എണ്ണത്തിന് കുടിവെള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്ലാൻ ഫണ്ട് വീതിക്കുമ്പോൾ പിന്നോക്കാവസ്ഥയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതിനാൽ സംസ്ഥാനത്തെ ആളോഹരി വിഹിതം ശരാശരി 262.18 രൂപയായിരിക്കുമ്പോൾ കാസർഗോഡ് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 274.18 രൂപയാണ് ശരാശരി വിഹിതമായി ലഭിക്കുന്നത്. ഇത് സംസ്ഥാനത്തെ നാലാമത്തെ ഉയർന്ന തുകയാണ്.

(ബി) കാസർഗോഡ് ജില്ലയിലെ ജനപ്രതിനിധികളുടെ യോഗം ഈ സമ്മേളനം കഴിഞ്ഞതിനുശേഷം വിളിച്ചുചേർക്കാൻ ഉദ്ദേശിക്കുന്നു.

(സി) കിൻഫ്രാ, വാട്ടർ അതോറിറ്റി, കൃഷി വകുപ്പ്, മത്സ്യബന്ധന വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പ്, ആരോഗ്യ വകുപ്പ്, ജലസേചന വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, പോലീസ് വകുപ്പ്, വൈദ്യുതി ബോർഡ്, ബേക്കൽ റിസോർട്ട് വികസന വകുപ്പ് എന്നിവയുടെ കാസർഗോഡ് ജില്ലാ മേധാവികളുടെയും, ആസ്ഥാന വകുപ്പ് മേധാവികളുടെയും യോഗം മുഖ്യമന്ത്രി വിളിച്ചു ചേർക്കുകയും പ്രസ്തുത വകുപ്പുകളോട് കാസർഗോഡ് ജില്ലാ വികസനത്തിനുള്ള പദ്ധതികൾ സമർപ്പിക്കാനാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) കാസർഗോഡ് ജില്ലയെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികളുടെ യോഗത്തിൽ വച്ച് പദ്ധതികൾക്ക് അന്തിമരൂപം നൽകുന്നതായിരിക്കും.

ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനം

20 [1666] *ശ്രീ. കെ. പി. രാജേന്ദ്രൻ*:

„ *എം. കുമാരൻ*:

„ *എൻ. രാജൻ*:

„ *ബിനോയ് വിശ്വം*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തിപ്പോൾ പ്രവർത്തിച്ചുവരുന്ന ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഗുരുതരമായ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തിപ്പോൾ കേന്ദ്ര സർക്കാരിന്റെ കീഴിൽ ഏതൊക്കെ ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളുടെ ഗവേഷണ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) ഗവേഷണ പ്രവർത്തനങ്ങൾ സ്വകാര്യ മേഖലയിൽ വ്യാപിപ്പിക്കുന്നതിന് പ്രോൽസാഹനം നൽകുന്നുണ്ടോ എന്നും ഏതൊക്കെ മേഖലയിൽ സ്വകാര്യ ഗവേഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(എഫ്) കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ ഗവേഷണമേഖലയിൽ സംസ്ഥാനത്തുണ്ടായ ശ്രദ്ധേയമായ നേട്ടങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അനുബന്ധം - I ആയി ചേർക്കുന്നു.†

(സി) അനുബന്ധം - II ആയി ചേർക്കുന്നു.†

(ഡി) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള സ്ഥാപനങ്ങളുടെ ഗവേഷണ പ്രവർത്തനങ്ങൾ അതാത് സ്ഥാപനങ്ങളുടെ റിസർച്ച് കൗൺസിൽ മുഖേന വർഷത്തിൽ രണ്ട് തവണ വിലയിരുത്തിവരുന്നു.

(ഇ) സ്വകാര്യ മേഖലയിൽ നടത്തിവരുന്ന ഗവേഷണങ്ങൾക്ക് പ്രോജക്ട് രൂപേണ ധനസഹായവും പ്രോത്സാഹനവും ചെയ്യുവാനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ഇവയിൽ ഏറെയും വിദ്യാഭ്യാസ മേഖലയിൽ ആണ് പ്രവർത്തനം നടത്തിവരുന്നത്.

---

† അനുബന്ധം VI, VI(A).

GPM. 2/542/2012.—10

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാനത്ത് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന് രൂപം നൽകുകയും, ആറു പ്രമുഖ ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ പ്രസ്തുത ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ കൊണ്ടുവരികയും ഇവയുടെ പ്രവർത്തനങ്ങൾ സമഗ്രമായ രീതിയിൽ ആവിഷ്ക്കരിക്കുകയും ചെയ്തു എന്നതാണ് കഴിഞ്ഞ നാലു വർഷക്കാലത്തെ ഏറ്റവും വലിയ നേട്ടം. ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകവഴി കൂട്ടായ പല ഗവേഷണങ്ങൾക്കും വഴിയൊരുക്കിയിട്ടുണ്ട്. കൂടാതെ ബയോടെക്നോളജി മേഖല വികസിപ്പിക്കാനുള്ള സമഗ്രമായ നടപടികൾ എടുത്തിട്ടുണ്ട്. ഗവേഷണ പരിപാടി പ്രോത്സാഹിപ്പിക്കാനുള്ള ഫെല്ലോഷിപ്പുകൾ, ഗവേഷണങ്ങൾ സമ്പുഷ്ടിപ്പെടുത്താനുള്ള പ്രത്യേക സ്കീമുകൾ, സ്കൂളിൽ സയൻസ് വിദ്യാഭ്യാസം ശക്തിപ്പെടുത്തുവാനുള്ള ശാസ്ത്രപോഷിണി സ്കീം, പേറ്റന്റ് ഇൻഫർമേഷൻ സെന്റർ, ബാലയുവ പ്രതിഭകൾക്കുള്ള പ്രത്യേക സ്കീമുകൾ, പരിസ്ഥിതി ആവാസ വ്യവസ്ഥകൾ പഠിക്കുവാനുള്ള പുതിയ പദ്ധതി എന്നിവ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ തന്നെ പുതുതായി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിൽ ഇദംപ്രഥമമായി ഒരു പരിസ്ഥിതി അവലോകന റിപ്പോർട്ട് (State of Environment Report) കഴിഞ്ഞ പരിസ്ഥിതിദിന (June 5) ത്തോടനുബന്ധിച്ച് പ്രസിദ്ധീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതുനിമിത്തം ശാസ്ത്രമേഖലയിലെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമായിട്ടുണ്ട്.

ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസുകൾ

21 [1668] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിലായി എത്ര ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതെത്തുടർന്ന് എത്ര ഉദ്യോഗസ്ഥരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്;

(ബി) ഏറ്റവും കൂടുതൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തത് ഏത് വകുപ്പിലാണ്;

(സി) രജിസ്റ്റർ ചെയ്ത എത്ര വിജിലൻസ് കേസുകൾ സർക്കാർ പിൻവലിച്ചിട്ടുണ്ട്, ഇതിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[20-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 20 (1666)-ന്റെ ഉത്തരം ദയവായി കാണുക]

R & D Institutes under Central Government

Various Departments and Agencies of Government of India have set up several R & D institutions in Kerala, to facilitate the research in Science and Technology. Some of the major institutions are:—

1. C-DAC, Thiruvananthapuram.
2. Central Coir Reseach Institute, Alappuzha.
3. Central Institute of Fisheries Technology, Matsyapuri, Kochi.
4. Central Marine Fisheries Research Institute, Kochi.
5. Central Plantation Crops Research Institute, Kasaragod.
6. Central Tuber Corps Research Institute, Thiruvananthapruam.
7. Centre for Materials for Electronics Technology.
8. Directorate of Coca, Arecanut & Spices Development, Kozhikode.
9. Fluid Control Research Institute, Palakkad.
10. Indian Institute of Spices Research, Marikunnu, Kozhikode.
11. National Institute of Oceanography, Kochi.
12. Naval Physical and Oceanographical Laboratory, Thrikkakara, Kochi.
13. Regional Research Institute (Drug Research), Thiruvananthapuram.
14. Regional Research Laboratory, Pappanamcode, Thiruvananthapuram.
15. Rubber Research Institute of India, Kottayam.
16. Sree Chitra Thirunal Institute of Medical Sciences and Technology, Thiruvananthapuram.
17. Underwater Acoustic Research Facility, Idukki.
18. Vikram Sarabhai Space Centre, Thiruvananthapuram.
19. Liquid Propulsion Systems Centre, Thiruvananthapuram.

Other than these Institutions some public sector undertakings also have their own R & D centers.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI (എ)

[20-7-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 20 (1666)-ന്റെ ഉത്തരം ദയവായി കാണുക]

R & D Institutes under State Government

Various Departments of Government of Kerala have set up several R & D Institutions in Kerala, to facilitate the research in Science and Technology. Some of the major institutions are listed below:—

1. Agency for Non conventional Energy and Rural Technology, Thiruvananthapuram.
2. Central for Earth Science Studies, Thiruvanathapuram.
3. Central for Water Resources Development and Management, Kozhikode.
4. Kerala Forest Research Institute, Thrissur.
5. Kerala Highway Research Institute, Thiruvananthapuram.
6. Malabar Botanical Garden Society, Kozhikode.
7. National Institute of Speech and Hearing, Thiruvananthapuram.
8. National Transportation Planning and Research Centre, Thiruvananthapuram.
9. Rajiv Gandhi Centre for Biotechnology, Thiruvananthapuram.
10. Regional Cancer Centre, Thiruvananthapuram.
11. Sophisticated Test and Instrumentation Centre, Kochi.
12. Tropical Botanical Garden and Research Institute, Thiruvananthapuram.
13. Centre for Development of Imaging Technology, Thiruvananthapuram.
14. Centre for Development of Coir Technology, Thiruvananthapuram.
15. Energy Management Centre.
16. Indian Institute of Information Technology and Management.

Other than these Institutions some public sector undertakings and Universities also have their own R & D centers. In addition University Departments and many colleges are also carrying out research work.

GPM. 2/542/2012.—51

LIBRARY ARCHIVES Kerala Legislative Assembly